# കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്

രണ്ടാം നില, നോർക്ക സെന്റർ, സർക്കാർ അതിഥി മന്ദിരത്തിന് സമീപം, തൈക്കാട് പി.ഒ. തിരുവനന്തപുരം -695014
ടെലഫോൺ- 0471 2785500,502 ഫാക്സ് - 0471 2785501
www.pravasikerala.org, E-mail: info@pravasikerala.org

KNRKWB/658/2024-S11 08-08-2024

## സർക്കുലർ

വിഷയം:- കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്- മരണാനന്തര ധനസഹായത്തിന് വേണ്ടി അപേക്ഷ നല്കുമ്പോൾ പാലിക്കേണ്ട നടപടി ക്രമങ്ങൾ- മാനദണ്ഡങ്ങൾ- സംബന്ധിച്ച്

2008- ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ടിലേയും 2009- ലെ പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതിയിലേയും വ്യവസ്ഥകൾ പ്രകാരമാണ് മരണാനന്തര ധനസഹായം അനുവദിച്ചു വരുന്നത്. ആയത് പ്രകാരം സമർപ്പിക്കുന്ന അപേക്ഷകൾ നിശ്ചിത രേഖകളുടെ അപര്യാപ്തതമൂലം നിരസിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിലേക്കായി ധനസഹായത്തിന് അർഹത നിശ്ചയിക്കുന്ന മാനദണ്ഡം, മരണാനന്തര ധനസഹായത്തിന് അപേക്ഷിക്കേണ്ട വിധം അപേക്ഷയോടൊപ്പം അപ്-ലോഡ് ചെയ്യേണ്ട രേഖകൾ എന്നിവയുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

### 1. മരണാനന്തര ധനസഹായത്തിന് അർഹത നിശ്ചയിക്കുന്ന മാനദണ്ഡം

1. കേരള പ്രവാസി ക്ഷേമ നിധിയിൽ അംഗത്വം നേടി അഞ്ച് വർഷ കാലയളവിനുള്ളിൽ അംഗം മരണപ്പെട്ടാൽ അനന്തരാവകാശിക്ക് മരണാനന്തര ധനസഹായത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

2. ഈ വിഭാഗത്തിൽ പെട്ടവർക്ക് മരണാനന്തര സഹായത്തോടൊപ്പം അംഗം അടച്ച അംശദായ തുക തിരികെ ലഭിക്കുന്നതിനും അർഹതയുണ്ടായിരിക്കുന്നതാണ്.

3. അംഗത്വമെടുത്തു അഞ്ച് വർഷത്തിന് ശേഷമാണ് അംഗം

മരണപ്പെടുന്നതെങ്കിൽ അനന്തരാവകാശിക്ക് കുടുംബപെൻഷനു മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.

4. അംഗം മരണപ്പെടുമ്പോൾ അംശദായ അടവ് ഒരു വർഷമോ അതിൽ കൂടുതലോ കുടിശികയുണ്ടെങ്കിൽ അനന്തരാവകാശിക്ക് മരണാനന്തര ധനസഹായത്തിനോ കുടുംബ പെൻഷൻ ലഭിക്കുന്നതിനോ അർഹതയുണ്ടായിരിക്കുന്നതല്ല. അംഗം അടച്ച അംശദായ തുക മാത്രം അനന്തരാവകാശിക്ക് തിരികെ ലഭിക്കുന്നതിനാണ് അർഹതയുള്ളത്.

## 2. ആവശ്യമായ രേഖകൾ

1. അംഗത്തിന്റെ മരണസർട്ടിഫിക്കറ്റിന്റെ പകർപ്പ്.
2. അംഗത്തിന്റെ കുടുബാംഗങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ ഫാമിലി റിലേഷൻഷിപ് സർട്ടിഫിക്കറ്റ്. ***[പ്രവാസി ക്ഷേമനിധി അംഗം അവകാശിയുടെ പേര് രേഖപ്പെടുത്തിയിട്ടില്ല എങ്കിൽ ലീഗൽ ഹയർഷിപ് സർട്ടിഫിക്കറ്റ്]***
3. അപേക്ഷകന്റെ/യുടെ തിരിച്ചറിയൽ രേഖ
4. ഏതെങ്കിലും ദേശസാൽകൃത ബാങ്കിലെ അപേക്ഷകന്റെ/യുടെ സ്വന്തം പേരിലുള്ളതും അക്കൌണ്ട് നമ്പർ, ഐ.എഫ്.എസ്.സി. കോഡ്, അക്കൌണ്ട് ഉടമയുടെ പേര് മേൽ വിലാസം എന്നിവ വ്യക്തമായി പ്രിന്റ് ചെയ്തതുമായ പാസ്ബുക്ക്
5. അംഗം ഒന്നിൽ കൂടുതൽ പേരെ തന്റെ അവകാശികളായി നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ ഒരു അവകാശിക്ക് മറ്റുള്ള അവകാശികൾ തങ്ങളുടെ വിഹിതം വിട്ടുനല്കുന്നതിന് പരിപൂർണ്ണ സമ്മതം അറിയിക്കുന്ന നോട്ടറി അഡ്വക്കേറ്റ് സാക്ഷ്യപ്പെടുത്തിയ സമ്മതപത്രം.
6. മരണപ്പെട്ട അംഗത്തിന്റെയോ അവകാശിയുടേയോ പേര് വിവിധ രേഖകളിൽ വ്യത്യാസം ഉണ്ടെങ്കിൽ വ്യത്യസ്ഥ പേരിൽ അറിയപ്പെടുന്നത് ഒരാളാണ് എന്ന് തെളിയിക്കുന്ന One & the Same Certificate.

## 3. അപേക്ഷ സമർപ്പിക്കേണ്ട വിധം

1. www.pravasikerala.org എന്ന വെബ് സൈറ്റിലെ Service ഭാഗത്തുള്ള Death Assistance / Family Pension എന്ന ലിങ്കിലേക്ക് പ്രവേശിക്കുക.
2. മരണപ്പെട്ട അംഗത്തിന്റെ അംഗത്വ നമ്പർ, ജനന തീയതി, മരണപ്പെട്ട തീയതി എന്നിവ രേഖപ്പെടുത്തുക.

3. തുടർന്ന് മരണാനന്തര ധനസഹായവും അംഗം അടച്ച അംശദായവും ലഭിക്കുന്നതിന്/കുടുംബപെൻഷൻ ലഭിക്കുന്നതിന്/ അംഗം അടച്ച അംശദായം തിരികെ ലഭിക്കുന്നതിന് എന്നിവയിലേതെങ്കിലും ഒരു ഓൺലൈൻ അപേക്ഷ ഫോറത്തിലേക്ക് അർഹത പ്രകാരം പ്രവേശിക്കുന്നതായിരിക്കും.

4. ആയതിലേക്ക് ആവശ്യമായ വിശദാംശങ്ങൾ നൽകിയ ശേഷം മുകളിൽ സൂചിപ്പിച്ച രേഖകൾ UP-LOAD ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷ സമർപ്പിച്ചു കഴിഞ്ഞാൽ അതിലെ തുടർനടപടികൾ അറിയുന്നതിന് അപേക്ഷയുടെ സ്റ്റാറ്റസ് പരിശോധിക്കാവുന്നതുമാണ്.

Signed by
Geetha Lekshmi M B
Date: 08-08-2024 13:09:09

**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**

*പകർപ്പ്.*

1. എല്ലാ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർക്കും
2. ഐ.ടി. മാനേജർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്ക്)
3. ജില്ലാ ഓഫീസുകൾ, അക്ഷയ കേന്ദ്രം
4. സേവാ കേന്ദ്രങ്ങൾ, GME, സൊസൈറ്റികൾ, ഏജൻസികൾ
5. CA TO CHAIRMAN/CEO
6. അക്കൌണ്ട്സ് സെക്ഷൻ
7. ഓഫീസ് കോപ്പി.